20162
14/11/19

GOVERNMENT OF KERALA

**Abstract**

Electronics and Information Technology Department - Kerala Fibre Optic Network (K-FON) project- Issuance of Revised Administrative Sanction and approval of Tender Acceptance- sanction accorded -Orders Issued.

---

**ELECTRONICS & INFORMATION TECHNOLOGY (B) DEPARTMENT**

**G.O.(Ms)No.27/2019/ITD** **Dated,Thiruvananthapuram, 11/11/2019**

---

Read 1 G.O (Ms)No. 10/2017/ITD dated 18.05.2017
2 G.O (Ms)No. 10/2018/ITD dated 10.05.2018
3 G.O.(M s)No.14/2019/ITD dated 15.07.2019

**ORDER**

As per Government Order read as 1st paper above, Administrative Sanction was accorded for the implementation of Kerala Fibre Optic Network (KFON) project at an estimated cost of Rs.1028.20 Crores (excluding taxes) and to pose the project for KIIFB funding. The project envisages to provide hassle free internet access to about 30,000 Government offices and educational institutions and also to extend free and high speed internet connectivity to the economically backward families all over the State. For others, internet services will be provided at a reasonable rate. As per G.O read as 2nd paper above, Government have accorded sanction for the formation of a joint venture company named 'Kerala Fibre Optic Network Ltd (K-FON Ltd)' for the implementation of the project in the share holding pattern of 49:49:2 with respect to Kerala State Electricity Board Limited (KSEBL), Kerala State Information Technology Infrastructure Ltd (KSITIL) and Government of Kerala.

2) KSITIL had floated an open tender for the selection of an agency for the implementation of KFON project (package A) and Reliable Communication & Data Acquisition Network (Package B) through e-procurement platform of Government of Kerala. 'Package A' was exclusively

for KFON project and funded by KIIFB. 'Package B' primarily meets the requirements of KSEBL and is essential for the completion of KFON network. The project cost of 'package B' amounting to Rs.79.67 crore plus GST will be funded by KSEBL but executed by the same agency identified through the above tender process by KSITIL as in 'package A'. Out of the three valid bids, after technical evaluation, Consortium of M/s Bharat Electronics Ltd (BEL) has emerged as the L1 bidder at a quoted price (inclusive of capital and operating expenditure) of Rs:1,628.35 crore (excluding taxes).

3) Out of the total tendered value quoted by M/s. BEL, Rs.79.67 Crore was for the capital expenditure for 'package B', which has to be borne by KSEBL. Hence, out of Rs.1,628.35 Crore quoted, only the expenditure pertaining to 'package A' of Rs.1548.68 Crore is required for KFON project. On negotiations with L1 bidder, they had offered a discount of Rs.17 Crores. The bid amount for KFON project after discount of Rs.17 Crore is Rs.1531.68 Crore (excluding taxes).

4) When the original Administrative Sanction (AS) was issued vide G.O read as 1st paper above, the recurring Operational Charges of Rs.104.40 Crore per annum (for core and access network) was calculated only for one year, instead of seven years and thus limited the total AS amount to Rs:1028.20 Crore. This was done on the presumption that from the second year onwards the revenue streams of the project will be sufficient to meet the operational charges. However, since the bidder has to set up the network and maintain the same for the entire project duration, the tender was issued including both the components i.e; Capex for setting up the network and operating charges and AMC for seven years. Since the bid amount of Rs. 1531.68 Crore (excluding taxes) was arrived at by considering the operations and maintenance period of the project as seven years, resulting in variation from the amount for which Administrative Sanction was accorded earlier.

5) The Departmental Purchase Committee held on 07.06.2019 has examined the variation in the bid amount from the AS amount in detail

and has approved the selection of Consortium of M/s Bharat Electronics Limited, the L1 bidder, as the agency for implementation of KFON Project.

6) As per G.O read as 3rd paper above, Government have approved the selection of Consortium of M/s BEL (System Integrator) for the implementation of the KFON project at a total cost of Rs.1531.68 Crore, excluding taxes.

7) When Administrative Sanction was issued for Rs.1028.20 Crores (excluding taxes), an amount of Rs.16.40 Crore has been allotted for the cost of establishment to SPV and operations. The tendered amount approved is Rs.1531.68 Crore (excluding taxes). In addition to this tendered value, the cost of establishment to SPV and operations of Rs.16.40 Crore is also found necessary for meeting the expenses in connection with the operations and establishment of the SPV.

8) The Board of Directors of KIIFB approved the funding proposal, subject to the specific condition that SPV shall obtain approval from the Council of Ministers for tender acceptance and shall also execute an agreement of loan repayment with KIIFB.

9) Government have examined the matter in detail and are pleased to issue revised Administrative Sanction for the Kerala Fibre Optic Network (KFON) project at a total cost of Rupees : One Thousand Five Hundred and Forty Eight Crore and Eight Lakhs only (Applicable Taxes extra) (Rs.1548.08 Crore+Applicable Taxes).

10) The flow of fund for the project is as follows:

KIIFB shall have to meet Rs:1061.73 crores for the project, being 70% of the project capital as assessed under their norms. Considering the total project cost including taxes, an amount of Rs:765 crores (Rs: 1548.08+Taxes@18% - Rs:1061.73 cr) remains to be funded. Of this, the cost of operating expenditure for seven years amounted to Rs:428.85 crores (inclusive of Taxes) shall have to be met by the SPV from the project revenues. The remaining amount of Rs.336.15 crores (inclusive of Taxes) needs to be provided as equity to SPV over the project implementation during the financial years 2019-2020 and 2020-2021.

11) Government are also pleased to approve The Tender Acceptance in favour of Consortium of M/s Bharat Electronics Limited for the K-FON project including 'Package B'.

12) The Govt order read as 1st paper above stands modified to the above extend.

(By Order of the Governor)
**M . SIVASANKAR**
**SECRETARY**

To

The Managing Director, Kerala State IT Infrastructure Limited,
7th floor,Felicity Square,MG Road,Statue,Thiruvananthapuram.
The Chairman and Managing Director, Kerala State Electricity Board,
Pattom, Thiruvananthapuram
M/s Kerala Fibre Optic Network Ltd,7th floor,Felicity Square,MG Road,Statue,Thiruvananthapuram.
The Chief Executive Officer, KIIFB, 2nd Floor, Felicity Square, MG Road,
Statue, Thiruvananthapuram - 695001
The Director, Kerala State IT Mission, Thiruvananthapuram
M/s Bharat Electronics Limited (Through the Managing Director, KSITIL)
Power Department
Finance Department (vide PU-D3/137/2019/Fin dated 25.10.2019)
Store Purchase Department
Principal Accountant General(G&SSA),Kerala, Thiruvananthapuram.
Principal Accountant General(A&E),Kerala, Thiruvananthapuram.
General Administration (SC) Department (vide Council decision of item No:3489 dated 06.11.2019)
Information Officer (Web & New Media), I&PRD
Stock File / Office copy

Forwarded /By order

Section Officer

Copy to:

The Private Secretary to Hon'ble Chief Minister
The Special Secretary to the Chief Secretary
PS to Additional Chief Secretary, Finance Department
PS to Secretary, Power Department
PS to Secretary (E & IT) Department
CA to Joint Secretary (E & IT) Department.

3979627/2019/IT(OS)

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 06-11-2019**

ഫയൽ നം. ഐ.ടി.ബി1/54/2017/വി.സ.വ. ഇനം നം: 3489

വിഷയം : ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - കെ-ഫോൺ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും ടെണ്ടർ സ്വീകരിച്ച നടപടി അംഗീകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്.

JS II
Draft the GO & put up
7/11

M. SIVASANKAR IAS
Secretary to Government
Information Technology Department

3979750/2019/IT(OS)

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി.ബി 1/54/2017/വി.സ.വ |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ് |
| 3 | വിഷയം | : | കെ-ഫോൺ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും ടെണ്ടർ സ്വീകരിച്ച നടപടി അംഗീകരിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.09.2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വിനോദ്.ജി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം. ശിവശങ്കർ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.10.2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.11.2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.11.2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.11.2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 06.11.2019 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും. | : | G.O(Ms) No. 27/2019/ITD dated 11.11.2019 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും പുറമെ മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിനും ഉതകുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ) എന്ന പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ഈ കുറിപ്പിലെ വിഷയം. ബഹു: ഗവർണറുടെ 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ കെ-ഫോൺ പദ്ധതി സംബന്ധിച്ച പ്രഖ്യാപനമുണ്ടാകുകയും, പിന്നീട് 2017-ലെ ബജറ്റ് പ്രസംഗത്തിൽ പദ്ധതിയെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഏകദേശം ആയിരം കോടി രൂപ മൂലധന നിക്ഷേപം ആവശ്യമുള്ളതിനാൽ, കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയുണ്ടായി. കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പദ്ധതിക്ക് വേണ്ടി വരുന്ന തുക ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ ഭരണാനുമതി നേടേണ്ടതും അതിനുശേഷം ഭരണവകുപ്പ് ധനസഹായത്തിനായി കിഫ്ബിയെ സമീപിക്കേണ്ടതുമാണ്. ആയതിൻ പ്രകാരം ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

2) 18.05.2017 ലെ സർക്കാർ ഉത്തരവ്(കൈ)നം.10/2017/വി.സ.വ. പ്രകാരം കെ-ഫോൺ പദ്ധതി നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന തുകയായ 1028.20 കോടി രൂപയ്ക്ക് (നികുതികൾ പുറമെ) ചുവടെ കാണുംപ്രകാരം ഭരണാനുമതി നൽകുകയും ധനസഹായത്തിനായി കിഫ്ബിയെ സമീപിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.

| നം. | വിവരണം | രൂപ (കോടിയിൽ) |
|---|---|---|
| 1 | പ്രധാന ശൃംഖല (കോർ നെറ്റ് വർക്ക് )സജ്ജമാക്കൽ | 475.40 |
| 2 | അനുബന്ധ ശൃംഖല (അക്സസ്സ് നെറ്റ് വർക്ക് ) സജ്ജമാക്കൽ | 432.00 |
| 3 | വാർഷിക പ്രവർത്തന ചെലവ് (പ്രധാന ശൃംഖല, അനുബന്ധ ശൃംഖല) | 104.40 |
| 4 | എസ്.പി.വി.യുടെ (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) സ്ഥാപനകാര്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും | 16.40 |
| | ആകെ തുക (നികുതികൾ പുറമെ) | 1028.20 |

3) പദ്ധതി നിർവ്വഹണത്തിനായി ചെലവിന്റെ 70% നൽകുവാൻ കിഫ്ബി തയ്യാറാകുകയും, 823 കോടി രൂപ ലഭ്യമാക്കുന്നതിന് അനുമതി നൽകുകയുമുണ്ടായി. കിഫ്ബി മാർഗ്ഗനിർദ്ദേശപ്രകാരം, അംഗീകൃത പദ്ധതി ചെലവിന്റെ 30% തുക സർക്കാരിൽ നിന്നോ, മറ്റ് മാർഗ്ഗങ്ങളിലൂടെയോ മൂലധനമായി എസ്.പി.വി (SPV) സ്വരൂപിക്കേണ്ടതാണ്.

4) 13.10.2017 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2017/വി.സ.വ പ്രകാരം, കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിക്കുന്നതിന് മന്ത്രിസഭയുടെ അനുമതിയോടുകൂടി തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി.

5) 10.05.2018 ലെ സർക്കാർ ഉത്തരവ്(കൈ)നം.10/2018/വി.സ.വ. പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) ന്റെയും, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു പുതിയ ജോയിന്റ് വെൻചർ കമ്പനി (SPV) രൂപീകരിക്കുവാൻ സർക്കാർ അനുമതി നൽകുകയുമുണ്ടായി.

6) കെ-ഫോൺ പദ്ധതിയുടേയും (പാക്കേജ്-എ), റിലയബിൾ കമ്മ്യൂണിക്കേഷൻ ആന്റ് ഡേറ്റാ അക്വിസിഷൻ നെറ്റ് വർക്ക് (പാക്കേജ്-ബി) ന്റെയും നടത്തിപ്പിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് കേരള സർക്കാരിന്റെ 'ഇ-പ്രൊക്യൂയർമെന്റ് ' പ്ലാറ്റ്ഫോം വഴി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. 'പാക്കേജ് എ' പൂർണ്ണമായും കെ-ഫോൺ പദ്ധതിയ്ക്കായുള്ളതും, കിഫ്ബി ധനസഹായ ത്തോടെയുള്ളതുമാണ്. 'പാക്കേജ് ബി' പ്രാഥമികമായി കെ.എസ്.ഇ.ബി.യുടെ ആവശ്യങ്ങൾക്കായുള്ളതും എന്നാൽ, കെ.ഫോൺ നെറ്റ്.വർക്കിന്റെ പൂർത്തീകരണത്തിന് അനിവാര്യമായി വരുന്നതുമാണ്. പാക്കേജ് 'ബി' യുടെ പദ്ധതി അടങ്കലായി കണക്കാക്കുന്ന 79.67 കോടി രൂപ (നികുതികൾ പുറമെ) കെ.എസ്.ഇ.ബി. വഹിക്കുന്നതാണെങ്കിലും പ്രസ്തുത പാക്കേജ് നടപ്പിൽ വരുത്തുന്നത് 'പാക്കേജ് എ' യിലെ പോലെ തന്നെ മേൽ പരാമർശിച്ച ടെണ്ടർ നടപടിയിലൂടെ കെ.എസ്.ഐ.റ്റി.ഐ.എൽ കണ്ടെത്തിയ അതേ ഏജൻസി തന്നെയായിരിക്കും. സാധുവായ 3 ടെണ്ടറുകളിൽ നിന്നും, സാങ്കേതിക വിലയിരുത്തലുകൾക്ക് ശേഷം, ഏറ്റവും കുറഞ്ഞ നിരക്കായ, 1628.35 കോടി രൂപ (നികുതികൾ പുറമെ) രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൂട്ടായ്മയെ (ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തെ) തെരഞ്ഞെടുക്കുകയുണ്ടായി.

7) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് രേഖപ്പെടുത്തിയ ആകെ ടെണ്ടർ തുകയിൽ, 'പാക്കേജ്-ബി' യ്ക്ക് മൂലധനമായി വേണ്ടി വരുന്ന 79.67 കോടി രൂപ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വഹിക്കുന്നതിനാൽ ആകെ രേഖപ്പെടുത്തിയ ടെണ്ടർ തുകയായ 1628.35 കോടി രൂപയിൽ 'പാക്കേജ്-എ' യ്ക്ക് ചെലവാകുന്ന 1548.68 കോടി രൂപ മാത്രമാണ് കെ-ഫോൺ പദ്ധതിയ്ക്ക് വേണ്ടി വരുന്നത്. ടെണ്ടർ വിജയിയുമായി (എൽ-1-ബിഡ്ഡർ) ചർച്ചകൾ നടത്തിയതിൻ പ്രകാരം 17 കോടി രൂപ ഇളവ് നൽകാമെന്ന് അവർ വാഗ്ദാനം നൽകുകയുണ്ടായി. അതിൻപ്രകാരം, കെ-ഫോൺ പദ്ധതിയുടെ ടെണ്ടർ തുക 17 കോടി രൂപയുടെ ഇളവുകൾക്ക് ശേഷം 1531.68 കോടി രൂപാ (നികുതികൾ പുറമെ)

ആയി നിജപ്പെടുത്തിയിട്ടുണ്ട്.

8) 18.5.2017 ലെ സർക്കാർ ഉത്തരവ് (കൈ)10/2017/വി.സ.വ. പ്രകാരം പദ്ധതിക്ക് പ്രാഥമിക ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ (പ്രധാന, അനുബന്ധ ശൃംഖലകൾക്ക്) 7 വർഷത്തേക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കുകയും, അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുകയുമുണ്ടായി. പ്രവർത്തനചെലവുകൾക്ക് വേണ്ടി വരുന്ന തുക, 2-ാം വർഷം മുതൽ പദ്ധതിയുടെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്താമെന്ന അനുമാനത്തിലാണ് ഇങ്ങനെ കണക്കാക്കിയത്. എന്നാൽ ടെണ്ടർ കൈക്കൊണ്ട സ്ഥാപനം (എൽ-1 ബിഡ്ഡർ) നെറ്റ്‌വർക്ക് സജ്ജമാക്കുന്നതിന് പുറമെ അവ പദ്ധതിയുടെ മുഴുവൻ കാലയളവിലും, പരിപാലിക്കേണ്ടതായും വരുന്നു. അതിനാൽ നെറ്റ്‌വർക്ക് സജ്ജമാക്കുന്നതിനുള്ള മൂലധന ചെലവും പ്രവർത്തനചെലവും കൂടാതെ ഏഴുവർഷത്തേക്കുള്ള പരിപാലന ചെലവും ടെണ്ടറിലൂടെതന്നെ കണ്ടെത്തേണ്ടതുണ്ട്. ഏഴുവർഷത്തേയ്ക്കുള്ള പ്രവർത്തന, പരിപാലന ചെലവുകൾ പരിഗണിച്ച് ടെണ്ടർ വഴി കണ്ടെത്തിയ തുകയായ 1531.68 കോടി രൂപയും (നികുതികൾ പുറമെ) ഭരണാനുമതി ലഭ്യമാക്കിയ തുകയും തമ്മിൽ വ്യത്യാസമുണ്ടായിട്ടുണ്ട്.

9) ടെണ്ടർ വിജയിയായ (എൽ1- ബിഡ്ഡർ) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനെ കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി തെരഞ്ഞെടുത്തതിന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ പർച്ചേയ്സ് കമ്മിറ്റി (ഡി.പി.സി) അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനെ 1531.68 കോടി രൂപയ്ക്ക് (നികുതികൾ പുറമെ) കെ-ഫോൺ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള സിസ്റ്റം ഇന്റഗ്രേറ്റർ ആയി തെരഞ്ഞെടുക്കുന്നത് ബഹു. മുഖ്യമന്ത്രി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

10) ഖണ്ഡിക (2) ലെ പട്ടിക പ്രകാരം പ്രാഥമിക ഭരണാനുമതി തുകയായ 1028.20 കോടി രൂപയിൽ (നികുതികൾ പുറമെ) 16.40 കോടി രൂപ എസ്.പി.വി.യുടെ സ്ഥാപന കാര്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. ഡിപ്പാർട്ട്മെന്റൽ പർച്ചേയ്സ് കമ്മിറ്റിയുടെ (ഡി.പി.സി) അംഗീകാരത്തിനുശേഷം ബഹു. മുഖ്യമന്ത്രിയുടെ അനുമതിയോടെ 1531.68 കോടി (നികുതികൾ പുറമെ) രൂപയാണ് ടെണ്ടർ തുകയായി അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത ടെണ്ടർ തുകയായ 1531.68 കോടി രൂപയ്ക്ക് പുറമെ എസ്.പി.വി.യുടെ സ്ഥാപനകാര്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേണ്ടി പ്രാഥമിക ഭരണാനുമതി പ്രകാരം വകയിരുത്തിയ തുകയായ 16.4 കോടി രൂപ കൂടി ആവശ്യമാണ്.

11) ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ ആ വകുപ്പ് ചുവടെ കാണുന്ന അഭിപ്രായത്തോടെ പ്രപ്പോസലിന് അംഗീകാരം നൽകുകയുണ്ടായി:

" *'Finance' agrees to issue revised 'Administrative Sanction' as proposed, subject to the approval of Cabinet. Administrative Department shall ensure the availability of sufficient fund in the next year's budget for the purpose of K-FON (Remarks of KIIFB is enclosed for reference)*

*This has the approval of the Hon'ble Minister, Finance* "

12) ടെണ്ടർ സ്വീകാര്യത സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിന്റെ അനുമതി തേടണമെന്നും വായ്പ തിരിച്ചടവിന് എസ്.പി.വി കിഫ്ബിയുമായി കരാർ ഒപ്പ് വയ്ക്കണമെന്നുമുള്ള നിബന്ധനയോടെ കെ-ഫോൺ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് കിഫ്ബിയുടെ ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

13) മേൽ പരാമർശിച്ച സാഹചര്യങ്ങൾ പ്രകാരം, കെ-ഫോൺ പദ്ധതിയ്ക്ക്

1548.08 കോടി രൂപയ്ക്ക് (ബാധകമായ നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകേണ്ടതും ടെണ്ടർ സ്വീകരിച്ച നടപടിയ്ക്ക് മന്ത്രിസഭാ യോഗത്തിന്റെ അനുമതി തേടേണ്ടതും അനിവാര്യമായി വരുന്നു. പദ്ധതി ചെലവിൽ 1061.73 കോടി രൂപ കിഫ്ബി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട് (കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തിയ പദ്ധതി മൂലധന ചെലവിന്റെ 70%). ബാക്കി തുകയിൽ (1548.08 കോടി രൂപ (നികുതികൾ പുറമെ) ൽ നിന്ന് 1061.73 കോടി രൂപ കിഴിച്ച്) 428.85 കോടി രൂപ ഏഴുവർഷത്തേയ്ക്കുള്ള പ്രവർത്തന ചെലവിനായി വേണ്ടിവരുന്നതും, ആയത് പദ്ധതി വരുമാനത്തിൽ നിന്ന് കണ്ടെത്തേണ്ടതുമാണ്. അവശേഷിക്കുന്ന 336.15 കോടി രൂപാ ഓഹരി മൂലധനമായി എസ്.പി.വി.യ്ക്ക് പദ്ധതി നടത്തിപ്പ് കാലയളവായ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി നൽകേണ്ടതുമാണ്.

14) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>

1. കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) പദ്ധതിയ്ക്ക് 1548.08 കോടി രൂപയ്ക്ക് (ബാധകമായ നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകാമോ;
2. കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന്റെ ടെണ്ടർ സ്വീകരിച്ച നടപടി അംഗീകരിക്കാമോ?

3979750/2019/IT(OS)

659

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File Number | : | IT- B1/54 /2017/ITD. |
| 2 | Department | : | Electronics & Information Technology (B) Dept. |
| 3 | Subject | : | Revised Administrative Sanction for KFON Project and for the approval of tender acceptance -reg. |
| 4 | Date of Chief Minister's order for placing before the Council | : | 21.09.2019 |
| 5(i) | Does the case involve financial commitments/implications | : | Yes |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Shri.Vinod. G |
| 8. | Name of Secretary who approved the Draft Note | : | Shri.M.Sivasankar |
| 9. | Date of Approval of the Draft Note for the Council by the Secretary. | : | 28.10.2019 |
| 10. | Name of Chief Secretary who approved the Draft Note. | : | Shri. Tom Jose |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 01.11.2019 |
| 12. | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister. | : | 04.11.2019 |
| 14. | Date of submission of fair copies | : | 05.11.2019 |
| 15. | Date of decision by the Council of Ministers | : | 06.11.2019 |
| 16. | Number and Date of the G.O./ letter communicating the decision. | : | G.O(Ms) No. 27/2019/ITD dated 11.11.2019 |

## Note for Council of Ministers

This note deals with the approval for granting revised Administrative Sanction for the Kerala Fibre Optic Network (K-FON) project, which envisages to provide free and high speed internet connectivity to about 20 Lakh economically backward families along with hassle free internet access to 30,000 Government offices and educational institutions all over the state. For others, internet services will be provided at a lower rate. The plan for KFON project was announced in the Governor's address, 2016 and later included in the Budget Speech, 2017. Since the capital expenditure of the project was around Rs. 1000 Crore, it was decided to pose the project for KIIFB funding. The guidelines of KIIFB stipulate that Council of Ministers need to accord Administrative Sanction for the project specifying the amount and authorize the administrative department to approach KIIFB for funding. Accordingly the matter was taken before the Council of Ministers.

2) As per G.O.(Ms)No.10/2017/ITD dated 18/05/2017, Administrative Sanction has been accorded for the implementation of KFON project at an estimated cost of Rs.1028.20 Crore excluding taxes, as detailed below and to pose the project for KIIFB funding.

| Sl No. | Description | Amount in INR(Crore) |
|---|---|---|
| 1 | Setting up of Core Network | 475.40 |
| 2 | Setting up of Access Network | 432.00 |
| 3 | Operational charges per year (Core and Access network) | 104.40 |
| 4 | Establishment to SPV and operations | 16.40 |
| | Total Amount (Excluding Taxes) | 1028.20 |

663

3) KIIFB had agreed to meet 70 % of the project cost and accorded sanction for an amount of Rs.823 crore for the implementation of the project. As per the proceedings of KIIFB, 30% of the approved outlay of the project shall be raised by the Special Purpose vehicle(SPV) from Government or other sources as equity.

4) In-principle approval has been accorded by the Council of Ministers for the formation of a Joint Venture Company for the implementation of K-FON project vide G.O.(Ms)No.22/2017/ITD dated 13.10.2017.

5) As per G.O (Ms)No.10/2018/ITD dated 10.05.2018, Government have approved the formation of a new Joint Venture Company (SPV), KFON Limited for the implementation of the project in the share holding pattern of 49:49:2 with respect to the Kerala State IT Infrastructure Limited (KSITIL), Kerala State Electricity Board Limited (KSEBL) and State of Kerala.

6) KSITIL had floated an open tender for the selection of an agency for the implementation of KFON (package A) and Reliable Communication & Data Acquisition Network (Package B) through e-procurement platform of Government of Kerala. Package A was exclusively for KFON project and funded by KIIFB. Package B primarily meets the requirements of KSEBL and is essential for the completion of KFON network. The project cost of package B, Rs.79.67 crore plus GST will be funded by KSEBL but executed by the same agency identified through the above tender process by KSITIL as in package A. Out of the three valid bids, after technical evaluation, Consortium of M/s Bharat Electronics Ltd (BEL) has emerged as the L1 bidder at a quoted price (inclusive of capital and operating expenditure) of INR

1,628.35 crore (excluding taxes).

7) In the total tendered value quoted by M/s BEL, Rs.79.67 Crore was for the capital expenditure for package B, which has to be borne by KSEBL. Hence, out of Rs.1,628.35 Crore quoted, only the expenditure pertaining to package A of Rs.1548.68 Crore is required for KFON project. On negotiations with L1 bidder, they had offered a discount of Rs.17 Crores. The bid amount for KFON project after discount of Rs.17 Crore is Rs.1531.68 Crore (excluding taxes).

8) When the original Administrative Sanction (AS) was issued vide G.O(Ms)No. 10/2017/ITD dated 18.05.2017, the recurring Operational Charges of Rs.104.40 Crore per annum was (for core and access network) calculated only for one year instead of seven years and thus limited the total AS amount to Rs: 1028.20 Crore. This was done on the presumption that from the second year onwards the revenue streams of the project will be sufficient to meet the operational charges. However since the bidder has to set up the network and maintain the same for the entire project duration, the tender was issued including both the components i.e; Capex for setting up the network and operating charges and AMC for seven years. Since the bid amount of Rs. 1531.68 Crore (excluding taxes) was arrived at by considering the operations and maintenance period of the project as seven years, resulting in variation from the amount for which Administrative Sanction was accorded.

9) The Departmental Purchase Committee (DPC) headed by the Additional Chief Secretary, Finance Department approved the selection of Consortium of M/s Bharat Electronics Limited, the L1 bidder, as the System Integrator of KFON project, and after getting approval from the Hon'ble Chief Minister, orders has been issued for the selection of Consortium of M/s BEL as the System Integrator for the

implementation of the KFON project at a total cost of Rs. 1531.68 Crore, excluding taxes.

10) When Administrative Sanction was issued for Rs. 1028.20 Crores (excluding taxes), an amount of Rs. 16.40 Crore has been allotted for the cost of establishment to SPV and operations as shown in the table at point (2) above. The tendered amount which is approved by the DPC and later by the Hon'ble Chief Minister amounted to Rs: 1531.68 Crore (excluding taxes). In addition to this tendered value, the cost of establishment to SPV and operations of Rs.16.40 Crore is also necessary for meeting the expenses in connection with the operations and establishment of the SPV and this component has already approved in the original AS.

11) When consulted, Finance Department agreed to the proposal with the following remarks:

" *'Finance' agrees to issue revised 'Administrative Sanction' as proposed, subject to the approval of Cabinet. Administrative Department shall ensure the availability of sufficient fund in the next year's budget for the purpose of K-FON(Remarks of KIIFB is enclosed for reference)*

*This has the approval of the Hon'ble Minister, Finance* "

12) The Board of Directors of KIIFB approved the funding proposal subject to the specific condition that SPV shall obtain approval from the Council of Ministers for tender acceptance and shall also execute an agreement of loan repayment with KIIFB.

13) In the circumstances detailed above, it become essential to

accord approval from the Council of Ministers for granting revised Administrative Sanction for a total cost of Rs.1548.08 Crore and also to accord approval for the tender acceptance for KFON project. KIIFB has agreed to meet Rs.1061.73 Crore (70% of the project Capital as assessed by KIIFB using its norms). Out of the balance amount (Rs.1548.08 Crore plus taxes less Rs.1061.73 Crore), Rs.428.85 crore which is required for meeting the operating expenditure for Seven years shall have to be met from project revenues. The remaining amount of Rs.336.15 crore needs to be provided as equity to SPV over the project implementation during the financial years 2019-20 and 2020-21.

14) The Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration and approval.

**Points for Decision**

1. Whether revised Administrative Sanction may be accorded for the Kerala Fibre Optic Network (KFON) project at a total cost of Rs.1548.08 Crore (applicable Taxes extra);
2. Whether the Tender Acceptance in favour of Consortium of M/s Bharat Electronics Limited may be approved ?